## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6059** **17-03-2023 - ൽ മറുപടിയ്ക്ക്**

### ജില്ല കൃഷിത്തോട്ടത്തിലെ തൊഴിലാളികളുടെ കുടിശിക അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ ജില്ല കൃഷിത്തോട്ടത്തിൽ നിന്നും വിരമിച്ച സ്ഥിരം തൊഴിലാളികൾക്ക് 17.07.2019 മുതൽ അനുവദിക്കപ്പെട്ട പേ റിവിഷൻ കുടിശിക പാസാക്കി നൽകുന്നതിന് സ്പാർക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (എ) | കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച സ.ഉ (പി) നം. 30/2022/കൃഷി തീയതി 06.10.2022 പ്രകാരം വിരമിച്ച സ്ഥിരം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക സ്പാർക്കിൽ പ്രോസസ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.<br><br>വാമനപുരം നിയോജക മണ്ഡലത്തിലെ ജില്ല കൃഷി ത്തോട്ടത്തിൽ നിന്നും വിരമിച്ച സ്ഥിരം തൊഴിലാളികൾക്ക് 01.07.2019 മുതലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക മാറി നൽകുന്നതിന് സ്പാർക്ക് മുഖേന സാധിക്കാതിരുന്ന പ്രശ്നം ഇതിനോടകം പരിഹരിച്ചിട്ടുണ്ട്. ടി ജില്ല കൃഷിത്തോട്ടത്തിൽ നിന്നും വിരമിച്ച ഏതെങ്കിലും സ്ഥിരം തൊഴിലാളികൾക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക മാറി നൽകുന്ന പ്രശ്നം ഇനിയും നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് സ്പാർക്കിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് പരിഹരിച്ചു നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ